ഉത്തരം

(എ) തിരുവനന്തപുരത്തുനിന്നും കണ്ണൂർവഴി കടന്നുപോകുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ നിലവിൽ ഒന്നുംതന്നെയില്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പരിശോധിച്ചുവരുന്നു.

തിരുവനന്തപുരത്തുനിന്നും പയ്യന്നൂർ ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി

84 [5640] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പുണ്യപുരാതനമായ പറശ്ശിനിക്കടവ് ക്ഷേത്രത്തിലേക്ക് പോകുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രസ്തുത കേന്ദ്രത്തോട് ഏറ്റവും അടുത്തുള്ള പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ബസ് ഡിപ്പോയിലേക്ക് തിരുവനന്തപുരത്തുനിന്നും ഒരു ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പറശ്ശിനിക്കടവിൽനിന്നും ബത്തേരിയിലേക്കും (2 സർവ്വീസ്) വിരാജ്പേട്ടയിലേക്കും കണ്ണൂരിലേക്കും കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്നുണ്ട്. തിരുവനന്തപുരത്തുനിന്നും കണ്ണൂരിലേക്ക് കെ. എസ്. ആർ. ടി. സി. നേരിട്ട് സർവ്വീസ് നടത്തുന്നുണ്ട്. അതുകൊണ്ട് തിരുവനന്തപുരത്തുനിന്നും പയ്യന്നൂരിലേക്ക് സർവ്വീസാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

കോഴിക്കോട്ടുനിന്നും ആർ. ഇ. സി., മലയമ്മ, മുത്താലം വഴി പുതിയ ബസ് ആരംഭിക്കുന്നതിന് നടപടി

85 [5641] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുനിന്നും ആർ.ഇ.സി., മലയമ്മ, മുത്താലം വഴി കെ. എസ്. ആർ. ടി. സി. ബസ് അനുവദിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി ഗവൺമെന്റ് ഇതുവരെയായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(സി) ആനക്കാംപൊയിൽ ബസ് ഈ റൂട്ടിലൂടെ ദിശമാറ്റി ഓടിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ തീരുമാനം എന്നത്തേക്ക് നടപ്പാക്കുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന മേഖല ദേശസാൽകൃത സെക്ടർ അല്ല. ഭൂരിഭാഗം സർവ്വീസുകളും പ്രൈവറ്റ് ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ആവശ്യത്തിന് പുതിയ ബസ്സുകൾ ആഗസ്റ്റ് മാസത്തോടുകൂടി കിട്ടിത്തുടങ്ങുമെന്നാണ് വിശ്വസിക്കുന്നത്. ഈ റൂട്ടിൽ സർവ്വീസ് ലാഭകരമായി ഓടിക്കാൻ സാധിക്കുമോയെന്ന് ആരാഞ്ഞ് യൂണിറ്റ് ഓഫീസറുടെ സാദ്ധ്യതാ റിപ്പോർട്ട് ഇക്കാര്യത്തിൽ വാങ്ങുന്നതാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് കെ. എസ്. ആർ. ടി. സി. ബസ് ഡിപ്പോ ആരംഭിക്കാൻ നടപടി

86 [5642] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ എത്ര ഷെഡ്യൂളുകളാണ് കെ. എസ്. ആർ. ടി. സി. പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ജംഗ്ഷൻവഴി പ്രതിദിനം എത്ര ഷെഡ്യൂളുകൾ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(സി) മെഡിക്കൽ കോളേജ് ജംഗ്ഷനിൽ വാഹനങ്ങൾ മെയിൻ റോഡിൽ നിറുത്തുകയും പാർക്ക് ചെയ്യുകയും ചെയ്യുന്നതുമൂലം ഗതാഗതക്കുരുക്ക് സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1976 ഒക്ടോബർ 27-ലെ എസ്. ആർ. ഒ. നമ്പർ 1119 പ്രകാരമുള്ള മെഡിക്കൽ കോളേജ് ഏരിയാ ഡെവലപ്മെന്റ് പദ്ധതിയിൽ മെഡിക്കൽ കോളേജിൽ ഒരു ട്രാൻസ്പോർട്ട് സ്റ്റേഡിയത്തിനും പാർക്കിംഗ് ഗ്രൗണ്ടിനും വേണ്ടി സ്ഥലം ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പ്രദേശത്ത് ബസ് ഡിപ്പോയ്ക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ബസ് ഡിപ്പോയ്ക്കും പാർക്കിംഗ് സ്റ്റേഷനും സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണം നടത്തുന്നതിനും തലസ്ഥാന വികസന പദ്ധതിയിൽനിന്നും ധനം കണ്ടെത്തുമോ;

(ജി) മെഡിക്കൽ കോളേജ് പരിസരത്ത് ട്രാൻസ്പോർട്ട് ഡിപ്പോയുടെ പ്രവർത്തനം കഴിയുംവേഗം ആരംഭിക്കുമോ;

(എച്ച്) മെഡിക്കൽ കോളേജ്, ആർ. സി. സി., എസ്. യു. റ്റി. തുടങ്ങിയ ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളുമുള്ള മെഡിക്കൽ കോളേജ് ജംഗ്ഷൻവഴി കൂടുതൽ ദീർഘദൂര ബസ് സർവ്വീസുകളും സിറ്റി സർവ്വീസുകളും അനുവദിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly